**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5939** **09-07-2024 - ൽ മറുപടിയ്ക്ക്**

**ജപ്തി നടപടികളിലെ ഇളവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ ബാങ്കുകൾ, സൊസൈറ്റികൾ, വിവിധ സർക്കാർ-അർദ്ധ സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്ത വായ്പകൾ സാമ്പത്തിക പ്രയാസം മൂലം തിരിച്ചടക്കാൻ കഴിയാതെ ജപ്തി നടപടികൾ നേരിടുന്നതും അല്ലാത്തതുമായ കേസുകളിൽ പാവപ്പെട്ട ജനങ്ങളെ സഹായിക്കുന്നതിനായി ഇളവുകളോ ആനുകൂല്യങ്ങളോ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (എ) | സഹകരണ ബാങ്കുകൾ, സൊസൈറ്റികൾ എന്നിവയിൽ നിന്നും എടുത്ത വായ്പകൾ സാമ്പത്തിക പ്രയാസം മൂലം തിരിച്ചടക്കാൻ കഴിയാതെ ജപ്തി നടപടികൾ നേരിടുന്നതും അല്ലാത്തതുമായ കേസുകളിൽ പാവപ്പെട്ട ജനങ്ങൾ ഉൾപ്പെടെയുള്ളവർക്ക് ഇളവുകളോടെ കുടിശ്ശിക തിരിച്ചടക്കുന്നതിന് സഹകരണ വകുപ്പ് നടപ്പിലാക്കുന്ന നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അവസരം ലഭിക്കാറുണ്ട്.<br><br>ടി പദ്ധതി നടപ്പിലാക്കുമ്പോൾ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. പലിശയിൽ പരമാവധി 50 ശതമാനം വരെ ഇളവ് നൽകുന്നു. വായ്പയുടെ സ്വഭാവം പരിഗണിക്കാതെ എല്ലാത്തരം വായ്പകൾക്കും സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. അർഹരായവരുടെ വായ്പ പൂർണ്ണമായോ ഭാഗികമായോ ഇളവ് നൽകുന്നു. സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ട ശേഷം മാതാപിതാക്കളുടെ ബാദ്ധ്യത തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് ഇളവുകൾ നൽകുക എന്നിങ്ങനെ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഈ സർക്കാരിന്റെ കാലത്ത് 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്റ്റംബർ 30 വരെയും, 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെയും, 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെയും 2024 മാർച്ച് 1 മുതൽ 2024 മാർച്ച് 31 വരെയും നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ |

പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിന് (കേരള ബാങ്ക്) 2024 സെപ്തംബർ 30 വരെ ടി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കൂടാതെ സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശിക പരമാവധി കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെ 31.03.2024-ലെ ബാക്കി നിൽപ്പുള്ള ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ പരമാവധി തീർപ്പാക്കുന്നതിനായി ടി കേസുകളിൽ ഉൾപ്പെട്ടവർക്ക് മാത്രമായി ഇളവുകളോടെ കുടിശ്ശിക അടച്ച് തീർത്ത് നടപടികളിൽ നിന്നും ഒഴിവാകുന്നതിനായി "ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കൽ - പ്രത്യേക കുടിശ്ശിക നിവാരണം - ഒറ്റത്തവണ തിർപ്പാക്കൽ പദ്ധതി" 2024 ജൂൺ 15 മുതൽ 2024 ജൂലായ് 31 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ജപ്തി നടപടികൾ നേരിടുന്ന പാവപ്പെട്ടവർ ഉൾപ്പെടെയുള്ളവർക്ക് ഇളവുകളോടെ വായ്പ കുടിശ്ശിക അടച്ച് തീർക്കുന്നതിന് ടി പദ്ധതി പ്രകാരമുള്ള അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

കൂടാതെ സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വിവിധ വായ്പകൾക്ക് വിവിധ കാരണങ്ങളാൽ ചുവടെ പറയും പ്രകാരം മൊറട്ടോറിയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് മഴക്കെടുതി മൂലം ഉണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31.07.2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ച നൽകിയിരുന്നു.

തുടർന്ന് സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31.03.2020 വരെ മൊറട്ടോറിയം അനുവദിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

കോവിഡ് പശ്ചാത്തലത്തിൽ എല്ലാ സഹകരണ സ്ഥാപനങ്ങൾ/ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാ വിധ വായ്പകൾക്കും 01.03.2020 മുതൽ 31.08.2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുതലായ സ്ഥാപനത്തിൽ നിന്നും എടുത്തിട്ടുള്ള

| | | | |
|---|---|---|---|
| | | | കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ക്ഷീരവികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് 22/10/2021 - ലെ സ.ഉ(കൈ)നമ്പർ 201/2021/ റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സഹകരണ ബാങ്കുകൾ, സൊസൈറ്റികൾ എന്നിവയിൽ നിന്നും എടുത്ത വായ്പകൾ സാമ്പത്തിക പ്രയാസം മൂലം തിരിച്ചടക്കാൻ കഴിയാതെ ജപ്തി നടപടികൾ നേരിടുന്നതും അല്ലാത്തതുമായ പാവപ്പെട്ടവർ ഉൾപ്പെടെയുള്ളവർക്ക് ഇളവുകളും, ആനുകൂല്യങ്ങളും അനുവദിക്കുന്ന മറ്റ് പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ